# മുഖവുര



**ടി വി ചന്ദ്രൻ**
**പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത്**

നമ്മുടെ നാട് അതിവേഗം നഗരവൽകരിച്ചുകൊണ്ടിരിക്കുകയാണ്. പത്തുവർഷം മുമ്പുള്ള നാടല്ല ഇന്ന് നമ്മുടെ നാട്. പഴയകാലവുമായി താരതമ്യം ചെയ്യാൻ പോലും കഴിയാത്ത രീതിയിൽ അതിശയകരവും അഭിമാനകരവുമായ പുരോഗതിയാണ് ജനജീവിതത്തിന്റെ എല്ലാ തുറകളിലും ഉണ്ടായിരിക്കുന്നത്. നാടിന്റെ അതിവേഗ വളർച്ചയിലൂന്നിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം തന്നെ നാടിന്റെ തനതായ കാർഷിക സംസ്കാരത്തെ മറക്കാതെ ഉൽപാദന മേഖലയ്ക്ക് പ്രഥമ പരിഗണന നൽകുന്ന സമവാക്യം നിലനിർത്തിക്കൊണ്ടു തന്നെയാണ് കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2026-27 വർഷത്തെ ബജറ്റ് വളരെ പ്രതീക്ഷയോടെയും ഉത്തരവാദിത്തത്തോടെയും മുമ്പോട്ട് വെക്കുന്നത്.

നിലവിലുള്ള വരുമാന സ്രോതസ്സുകളുടെയും വിഭവങ്ങളുടെയും പശ്ചാത്തലത്തിൽ വികസനകാഴ്ചപ്പാട് തയ്യാറാക്കുന്നതിനൊപ്പം തന്നെ കേരളസർക്കാർ വിഭാവനം ചെയ്യുന്ന നവകേരളം കർമ്മപദ്ധതി, ലൈഫ് മിഷൻ ഭവനനിർമാണ പദ്ധതി, അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി രണ്ടാം ഘട്ടം, മാലിന്യ മുക്ത കേരളം, ഡിജി കേരളം 2.0, പാലിയേറ്റീവ് പരിചരണം എന്നീ പരിപാടികളുടെയും ഫലപ്രാപ്തി പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്തും ലക്ഷ്യമിടുന്നു.

ഏത് വികസന പ്രവർത്തനവും സമൂഹത്തിലെ ഏറ്റവും ദരിദ്രനും ഒന്നുമില്ലാത്തവനുമായ ഒരാൾക്ക് ഏതെങ്കിലും തരത്തിൽ ഉപകരിക്കുന്നതാകണം. അല്ലെങ്കിൽ അത് അധാർമ്മികമാകും എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ ഓരോ പ്രദേശികസർക്കാറിന്റെയും ഉത്തരവാദിത്തവും പ്രതിബദ്ധതയും കൂടിയാണ്.

നിലവിലുള്ള വിഭവസ്രോതസ്സിന്റെ പരിമിതിയിൽ നിന്നുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാട് തയ്യാറാക്കുക എന്ന യാഥാർത്ഥ്യ ബോധത്തിൽ നില നിന്നു കൊണ്ടു തന്നെയാണ് 2026-27 സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

കഴിഞ്ഞ 10 വർഷം കൊണ്ട് സംസ്ഥാന സർക്കാർ വികസന-ക്ഷേമ-വൈജ്ഞാനിക മേഖലയിൽ ഉണ്ടാക്കിയ മുന്നേറ്റം തുടർ സാധ്യമാകുന്ന പ്രവർത്തനങ്ങളും നമുക്ക് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. തുടർന്നും ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ മുന്നോട്ടു വെക്കുന്ന പ്രവർത്തനങ്ങൾ നിർബാധം തുടരുന്നതിനാവശ്യമായ വകയിരുത്തലുകൾ ഈ ബജറ്റിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നാടിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും ഉപകരിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 2026-27 വർഷത്തെ ബജറ്റ് അതിന്റെ ദൗത്യം നിർവഹിക്കപ്പെടുമെന്ന് പ്രതീക്ഷിക്കട്ടെ .

സ്നേഹാദരങ്ങളോടെ

ടി.സുലജ
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്



ഒി എ കോമളവല്ലി
(വൈസ് പ്രസിഡന്റ്)

# കടന്നപ്പള്ളി പാണപ്പുഴ  ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2026-27

കടന്നപ്പള്ളി പാണപ്പുഴഗ്രാമപഞ്ചായത്തിന്റെ 2025-26  വർഷത്തെ ബജറ്റാണ് ഞാൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. 2025 ഡിസംബർ 21 ന് നിലവിൽ വന്ന പഞ്ചായത്ത് ഭരണസമിതി അവതരിപ്പിക്കുന്ന ആദ്യത്തെ ബജറ്റാണിത്.

നമ്മുടെ നാട് അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. പത്തുവർഷം മുമ്പുള്ളതുമായി താരതമ്യം ചെയ്യാൻ പോലും കഴിയാത്ത രീതിയിൽ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും കണ്ണഞ്ചിപ്പിക്കുന്ന വികസനമാണ് നമ്മുടെ നാട്ടിൽ നടപ്പിലായിരിക്കുന്നത്.

കേരളത്തിന്റെ വളർച്ചയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. പ്രാദേശിക സർക്കാറുകൾ എന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകി വരുന്ന പിന്തുണ തദ്ദേശ സ്ഥാപനങ്ങൾക്ക് മുന്നോട്ട് കുതിക്കാനുള്ള കരുത്തും ഊർജ്ജവുമാണ്.

2025 ഏപ്രിൽ മാസം ഒന്നാം തീയ്യതി ആരംഭിച്ച് 2026 മാർച്ച് മാസം 31 ന് അവസാനിക്കുന്ന ഒരു സാമ്പത്തിക വർഷക്കാലം കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് പ്രതീക്ഷിക്കുന്ന വരവുകളും അവയുടെ ചെലവുകളും യാഥാർത്ഥ്യ ബോധത്തോടെയും സൂക്ഷ്മതയോടെയും തയ്യാറാക്കിയ ബജറ്റാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും, സന്തോഷകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ദീർഘവീക്ഷണത്തോടെ പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കുകയും വരും തലമുറക്ക് കൂടി ഉപയോഗ യോഗ്യമാകും വിധം പരിസ്ഥിതിയേയും ചുറ്റുപാടുകളെയും സംരക്ഷിക്കുന്നതിന് കരുതലോടെ പ്രവർത്തിക്കുന്നതോടൊപ്പം പരമാവധി വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് കൃത്യവും സൂക്ഷ്മവുമായ വിനിയോഗം ഉറപ്പുവരുത്തി ഓരോന്നും ഇനംതിരിച്ച് ഇവിടെ ചേർത്തിരിക്കുന്നു.

## പഞ്ചായത്തിന്റെ ധനസ്ഥിതി അവലോകനം

കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ഭൂരിപക്ഷം ജനവിഭാഗത്തിനൊപ്പം സാമ്പത്തികമായി ഇടത്തരക്കാരും തൊഴിലാളികളും പിന്നോക്കക്കാരും ജീവനക്കാരും ഇടകലർന്നു ജീവിക്കുന്നു. കർഷകത്തൊഴിലാളികളും, നിർമാണത്തൊഴിൽ ചെയ്യുന്നവരും, വിദേശത്തുനിന്ന് തൊഴിൽ നഷ്ട്ടപ്പെട്ട് തിരികെ വരുന്നവരും ഉൾപ്പെടുന്ന സമൂഹത്തിൽ വികസനപദ്ധതികളെ എല്ലാ വിഭാഗങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്ന തരത്തിൽ രൂപപ്പെടുത്തി എടുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് പഞ്ചായത്തിന് ഏറ്റെടുക്കാനുള്ളത്.

പഞ്ചായത്തിന്റെ വികസനപദ്ധതികളും ദൈനംദിന ചെലവുകളും മറ്റു അനിവാര്യ ചുമതലകളും നിറവേറ്റുന്നതിന് സർക്കാർ ഗ്രാന്റുകളും, പഞ്ചായത്തിന്റെ തനതു വരുമാനവും മാത്രമാണ് വിനിയോഗിച്ചു വരുന്നത്. ഗ്രാന്റുകളിൽ സംസ്ഥാന സർക്കാർ ബജറ്റിലൂടെ പ്രഖ്യാപിക്കുന്ന വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), ധനകാര്യകമ്മീഷൻ ഗ്രാന്റ്, റോഡ് അറ്റകുറ്റപ്പണി ഗ്രാന്റ്, നോൺ റോഡ് അറ്റകുറ്റപ്പണി ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയും പുറമെ, ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ എന്നിവയും കേന്ദ്ര സർക്കാർ ഗ്രാന്റുകളായ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഗ്രാന്റ്, സമ്പൂർണ ശുചിത്വ യജ്ഞം ഗ്രാന്റ്, എം.പി ഫണ്ട്, എം എൽ എ ഫണ്ട്, അംഗൻവാടി പോഷകാഹാരം കേന്ദ്ര വിഹിതം, നാഷണൽ ഹെൽത്ത് ഗ്രാന്റ്, നഗര പാലിക ഗ്രാന്റ് എന്നിവയും ജില്ലാ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും സംയുക്ത പ്രൊജക്ടുകൾക്ക് അനുവദിക്കുന്ന തുകയും ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന ഉറവിടം കെട്ടിടനികുതി, തൊഴിൽ നികുതി, ഷോപ്പിംഗ് കോംപ്ളക്സ് വാടക എന്നിവയാണ്. ഇവയ്ക്കു പുറമെ കച്ചവട ലൈസൻസ് ഫീസ്, കെട്ടിടനിർമ്മാണ അനുമതി ഫീസ്, ലേലം വരവ്, സിവിൽ രജിസ്ട്രേഷൻ വരവ് എന്നിവയും തനതു വരുമാനത്തിലെ പ്രധാന ഇനങ്ങളാണ്. സർക്കാർ അനുവദിക്കുന്ന ഒട്ടുമിക്ക വരുമാന സ്രോതസ്സുകളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാക്കാൻ പഞ്ചായത്ത് ശ്രമിക്കാറുണ്ട്. ജനങ്ങളിൽ അമിതമായ സാമ്പത്തിക ഭാരം ഏൽപ്പിക്കാതിരിക്കുക എന്ന പഞ്ചായത്തിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് നികുതികൾ, യൂസർ ചാർജുകൾ, അപേക്ഷ ഫോറം വിലകൾ എന്നിവയെ വരുമാന സാധ്യതയിൽ നിന്നും മുൻപേ തന്നെ ഒഴിവാക്കിയിട്ടുള്ളതാണ്. കൂടാതെ പെർമിറ്റ് ഫീസ് വർദ്ധനവ് പിൻവലിച്ചത് ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തെ ചെറുതായി ബാധിച്ചിട്ടുണ്ട്.

ജനങ്ങൾക്ക് വലിയ സാമ്പത്തിക ഭാരം അനുഭവപ്പെടാതെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് വികസന പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം സ്വീകരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പഞ്ചായത്തിന്റെ വികസനത്തിൽ

തൽപരരായവരിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതു വഴി സമൂഹത്തിന്റെ താഴേക്കിടയിലുള്ള അശരണർക്ക് കൈത്താങ്ങാകുന്നതിനുള്ള പദ്ധതി ഈ ബജറ്റിനോടൊന്നിച്ച് വിഭാവനം ചെയ്യുന്നു. പൊതുവിൽ നമ്മുടെ ജനാധിപത്യ മതേതര മൂല്യങ്ങളെയും പുരോഗമന കാഴ്ചപ്പാടുകളെയും ശക്തിപ്പെടുത്തി മുന്നോട്ട് പോകുവാൻ ഒരുമിച്ച് കൈകോർക്കേണ്ട കാലമാണിതെന്ന് സന്ദർഭവശാൽ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുതൽ കൂട്ടാകേണ്ട മുഴുവൻ നികുതികളും ഫീസുകളും അടക്കേണ്ടവരുടെ മേൽ ചുമത്താനും, ചുമത്തപ്പെട്ടവ മുഴുവനായും പിരിച്ചെടുക്കുന്നതിനും നമുക്ക് സാധിക്കാറുണ്ട്.

തനതു വരുമാനത്തിന്റെ പ്രതീക്ഷിത വരവു ചെലവു സംഗ്രഹം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | നികുതി വരവുകൾ | **1,51,00000** |
| 2 | നികുതിയേതര വരവുകൾ | **1,06,87,506** |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | **1,52,19,000** |
| 4 | പ്രാരംഭ ബാക്കി | **2,81,23397** |
| 5 | ഗ്രാന്റ് ഇൻ എയ്ഡ് ആന്റ് പെൻഷൻ കോൺട്രിബ്യൂഷൻ | **31,70,21,900** |
| 6 | മൂലധന വരവ് | **33,15,000** |
| 7 | ആകെ വരവ് | **37,43,66,803** |
| 8 | പ്രതീക്ഷിക്കുന്ന ആകെചെലവുകൾ | **36,03,18,000** |
| 9 | പ്രതീക്ഷിക്കുന്ന തനത് വരുമാന മിച്ചം | **1,40,48,803** |

## ബജറ്റിലെ ശ്രദ്ധാകേന്ദ്രങ്ങൾ

ധനസ്ഥിതി അവലോകനത്തിൽ സൂചിപ്പിച്ചതുപോലെ പഞ്ചായത്തിന്റെ വരവിനത്തിൽ മുമ്പിൽ നിൽക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പഞ്ചായത്തിന്

അനുവദിക്കുന്ന ഗ്രാന്റുകളും ധനസഹായങ്ങളും തന്നെയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന ഗ്രാന്റുകളിലും ധനസഹായങ്ങളിലും വികസന ഫണ്ട്-ജനറൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ മാത്രമാണ് പഞ്ചായത്തിന് യഥേഷ്ടമായി വിനിയോഗിക്കാൻ കഴിയുന്നത്. കേന്ദ്ര സർക്കാർ ധനസഹായങ്ങൾ, സംസ്ഥാന സർക്കാർ ഗ്രാന്റുകളായ വികസന ഫണ്ട് -പ്രത്യേക ഘടക പദ്ധതി, അറ്റകുറ്റപ്പണി ഗ്രാന്റുകൾ എന്നിവയും മറ്റു പ്രത്യേക ധനസഹായങ്ങളും ചെലവഴിക്കുന്നതിന് നിയന്ത്രണങ്ങളും, നിർദ്ദേശങ്ങളും ബാധകമാണ്. കൂടാതെ യഥേഷ്ട അനുമതിയുള്ള വരവിനങ്ങളിൽ നിന്നും സർക്കാർ നിർദ്ദേശ പ്രകാരം നിർബന്ധമായും വകയിരുത്തേണ്ട മേഖലകൾ കൂടി ഉണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഗ്രാന്റുകൾ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടതിനാൽ അവ അങ്ങനെ തന്നെ ഈ ബജറ്റിന്റെ ഭാഗമാക്കിയിരിക്കുന്നു.

പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ നല്ലൊരു പങ്കു വഹിക്കുന്ന ഇനമാണ് ചന്തപ്പുര ഷോപ്പിംഗ് കോംപ്ളക്സിൽ നിന്നുള്ള വാടക വരുമാനം. പെർമിറ്റ് ഫീസ് വർദ്ധനവ് പിൻവലിച്ചത് വരുമാന വർദ്ധനവിനെ ചെറുതായി ബന്ധിച്ചിട്ടുണ്ട്. കൂടാതെ പ്രധാന വരുമാന സ്രോതസ്സായിരുന്ന കണ്ണൂർ ഗവ മെഡിക്കൽ കോളേജിൽ നിന്നും വസ്തു നികുതി ഇനത്തിൽ ലഭിച്ചിരുന്ന തുകയും നിലവിൽ ലഭിക്കുന്നില്ല. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായുണ്ടായ നികുതി വർദ്ധനവ് തനത് വരുമാനം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്.

തൊഴിൽ നികുതിയിൽ സംസ്ഥാന സര്ക്കാർ കാലാനുസൃതമായ മാറ്റം വരുത്തിയിട്ടുണ്ട്. (ഉയർന്ന പരിധി മാറ്റാതെ ഇടയിലുള്ള സ്ലാബ്, സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പരിധി ഉയര്ത്തി) മറ്റു വരുമാന ഇനങ്ങളിലും പൊതു സാമ്പത്തിക വളർച്ചയുടെ ഭാഗമായി ആനുപാതികമായ വർദ്ധനവ് വരുത്തിയിരിക്കുന്നു.

## ഉൽപ്പാദന മേഖല

കണ്ണൂർ ജില്ലയിലെ പ്രധാന പാടശേഖരം നിലനിൽക്കുന്ന ഒരു പ്രദേശമാണ്കടന്നപ്പള്ളി പാണപ്പുഴ. കാലാ കാലങ്ങളായി നെൽകൃഷിക്ക് പ്രാധാന്യം നൽകി ബജറ്റും പദ്ധതിയും തയ്യാറാക്കിവരുന്ന പഞ്ചായത്താണ് നമ്മുടേത്. ഭക്ഷ്യസ്വയംപര്യാപ്തത എന്ന വിശാലമായ കാഴ്ചപ്പാടോടെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കി തരിശുരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും സാധിക്കേണ്ടതുണ്ട്. നെൽകൃഷിയിലും മറ്റ് ഫല വർഗകൃഷിയിൽ ഏർപ്പെടുന്ന കർഷകർക്ക് പരമാവധി പ്രോൽസാഹനം നൽകുക എന്ന നയം ബജറ്റ് മുന്നോട്ടുവെക്കുന്നു. ഉൽപ്പാദന മേഖലയിൽ നെൽകൃഷിക്ക് പ്രത്യേക ഊന്നൽ നൽകുമ്പോഴും തെങ്ങ്കൃഷി ,കവുങ്

കൃഷി , പച്ചക്കറി കൃഷി, വാഴ കൃഷി, കിഴങ്ങുവർഗ്ഗ കൃഷി, ഇടവിള കൃഷി എന്നിവയ്ക്കും അത്രതന്നെ പ്രാധാന്യം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് അടിസ്ഥാനത്തിൽ (ജെ എൽ ജി/എസ് എച്ച് ജി) കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

**<u>ഉൽപ്പാദന മേഖലയിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ ചുവടെ-</u>**

1. നെൽകൃഷിക്കൊപ്പം കശുമാവിൻ തൈ, കവുങ്ങ്, കുരുമുളക് കൃഷി, ടെറസ് പച്ചക്കറി കൃഷി എന്നീ പദ്ധതികൾ, തരിശ് ഭൂമി കൃഷി ചെയ്ത് തരിശ് രഹിത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കൽ
2. ക്രോസ്ബാർ റിപ്പയർ ,ആണിത്തോട് റിപ്പയർ പ്രവൃത്തികൾ
3. ജലസംരക്ഷണത്തിന്റെ ഭാഗമായി മുഴുവൻ കിണറുകളും തോടുകളും കുളങ്ങളും പുഴകളുംവൃത്തിയാക്കി സംരക്ഷിക്കൽ. ബയോഡൈവേഴസിറ്റി രജിസ്റ്റർ കാലികമാക്കൽ
4. മുഴുവൻ കുടുംബങ്ങളിലും ആവശ്യമായ പച്ചക്കറികൾ സ്വംയംപര്യാപ്തതയോടെ ഉല്പാദിപ്പിക്കുന്നതിനുള്ള ധനസഹായം നൽകൽ
5. തൊഴിൽ നൈപുണ്യ വികസനപരിശീലനം
6. ക്ഷീര വികസന പദ്ധതികൾക്ക് ഫണ്ട് വകയിരുത്തൽ

## സേവനമേഖല

പഞ്ചായത്തിൽ നിയമപ്രകാരം അർപ്പിതമായ ഉത്തരവാദിത്തങ്ങളും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്തു കിട്ടിയ ഉത്തരവാദിത്തങ്ങളും വ്യാപിച്ചു കിടക്കുന്നത് സേവന മേഖലയിലാണ്. പഞ്ചായത്ത് രാജ് സേവനങ്ങളും വിവിധ ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിന് സേവന മേഖലയിൽനിരവധി പദ്ധതികൾ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ ചുവടെ**

1. മുഴുവൻ വീടുകളിലുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ് യൂണിറ്റിലെത്തിച്ച് തരംതിര്ച്ച് സംസ്കരിക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ ത്വരിതപ്പെടുത്തതിനൊപ്പം സമ്പൂർണ്ണ ശുചിത്വ പദവി നിലനിർത്തുക. മാലിന്യമുക്ത പഞ്ചായത്ത് എന്ന പദവി നിലനിർത്തുന്നതിനുള്ള പദ്ധതികൾക്കുവേണ്ടി ഫണ്ട് വകയിരുത്തുന്നുണ്ട്.
2. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ലിസറ്റിൽ ഉൾപ്പെട്ടതും അർഹതയുള്ള എല്ലാവർക്കും ധനസഹായം ലഭ്യമാക്കുവാൻ ഫണ്ട് വകയിരുത്തുന്നുണ്ട്
3. സാന്ത്വന പരിചരണ പദ്ധതി വഴി ആരോഗ്യ മേഖലയിൽവിവിധ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം കിടപ്പുരോഗികളുടെ പരിചരണത്തിന് ഊന്നൽ നൽകുന്നു.

4. ഡയാലിസിസ് രോഗികൾക്ക് കിറ്റ് വിതരണത്തിനുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ട്. മരുന്ന് വാങ്ങൽ 3 (വിഭാഗങ്ങൾക്കും) ആരോഗ്യ കേന്ദ്രങ്ങളുടെ അറ്റകുറ്റപണികള്, ഡോക്ടർ, ഫാർമസിസ്റ്റ് ഇവർക്കുള്ള വേതനം എന്നീ പദ്ധതികൾ.
5. വായനശാലകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യൽ, പഞ്ചായത്ത് പൈതൃകോൽസവം, ഡിജി കേരളം എന്നീ പദ്ധതികൾ
6. വയോജനകെട്ടിടത്തിൻറെ അടിസ്ഥാനസൌകര്യ വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട് .കൂടാതെ വയോജനസംഗമത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്
7. അംഗൻവാടികളുടെ ക്ഷേമ വികസന പ്രവർത്തനങ്ങള് , മറ്റ് അടിസ്ഥാന സൌകര്യ ലഭ്യമാക്കുന്ന പ്രവൃത്തികൾ
8. പട്ടികജാതി വികസനം സാധ്യമാക്കുന്ന പദ്ധതികൾ
9. ശുചിത്വ പദവി നിലനിർത്തൽ --എം സി എഫ് അനുബന്ധ പ്രവൃത്തികൾ
10. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , ഭിന്നശേഷിക്കാർക്ക് സഹായക ഉപകരണങ്ങൾ നൽകൽ , ഭിന്നശേഷി സർഗോത്സവം സംഘടിപ്പിക്കൽ
11. കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വനിത സംരഭങ്ങൾ ആരംഭിക്കൽ.
12. വനിതകൾക്ക് കളരി പരിശീലനം , സത്രീ സൌഹൃദ ജില്ല എന്നീ പദ്ധതികൾ
13 പുഴകളിലേയും തോടുകളിലേയും മരങ്ങളും മാലിന്യങ്ങളും നീക്കം ചെയ്യണമെന്ന അനിവാര്യ ചുമതല നിർവ്വഹിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്
14. എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക എന്ന സർക്കാർ പദ്ധതിയുടെ ഭാഗമായി ജൽജീവൻ മിഷൻ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിയ്ക്കുള്ള പഞ്ചായത്ത് വിഹിതം ഒടുക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്
15 എസ്.എസ്.എ ക്ക് തുക വകയിരുത്തിയതിനൊപ്പം വിദ്യാർത്ഥികൾക്ക് കായികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയക്ക് തുക വകയുരുത്തുന്നുണ്ട്

## പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.എന്നാൽ പുതിയ റോഡുകൾക്കും നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റോഡുകളുടെ സംരക്ഷണത്തിനുമായി പതിവു പോലെ ന□ാരു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

### പ്രധാന പദ്ധതികൾ

1. കളിസ്ഥല നിർമ്മാണം
2. കളിസ്ഥലങ്ങളുടെ നവീകരണം
3. പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ എന്നിവയ്ക്കുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.
4. നിലവിലുള്ള കേടായ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്
5. എല്ലാ പ്രദേശങ്ങളിലേക്കും ഗതാഗതം സുഗമമാക്കേണ്ടതിലേക്കായി പ്രദേശങ്ങൾ തമ്മിലുള്ള റോഡുകൾ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
6. പഞ്ചായത്തിന്റെ സമഗ്ര വികസനം മുൻനിർത്തി പുതിയ റോഡുകൾ നിർമ്മിക്കൽ

7. ഘടകസ്ഥാപനങ്ങളുടെ കെട്ടിടനവീകരണത്തിനായി ബജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

8. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പശ്ചാത്തല മേഖലയിൽ നൂതന പദ്ധതികൾ വഴി സമഗ്ര വികസനം ബജറ്റ് വിഭാവനം ചെയ്യുന്നു.

9. സി എഫ് സി ഫണ്ടുകൾ പ്രകാരമുള്ള ആസ്ഥികൾ സംരക്ഷിക്കൽ.

പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെക്കുന്നതും സർവ്വ തലങ്ങളും കോർത്തിണക്കി **1,40,48,803**/-രൂപ മിച്ചം വരുന്ന രൂപയുടെ ബജറ്റ് പഞ്ചായത്തിന്റെ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

വിശദമായ ബജറ്റ് കണക്കുകൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത് | | |
|---|---|---|
| **വാർഷിക ബഡ്ജറ്റ് 2025-2026** | | |
| പ്രതീക്ഷിത വരവ് | | |
| | | |
| **ക്രമനമ്പർ** | **ഇനം** | **വകയിരുത്തിയ തുക** |
| **നികുതി വരവുകൾ** | | |
| 1 | തൊഴിൽ നികുതി | **76,00000** |
| 2 | വസ്തു നികുതി | **75,00000** |
| | ആകെ | **1,51,00000** |
| **നികുതിയേതര വരവുകൾ** | | |
| 3 | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | **5,00000** |
| 4 | നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ വരവ് | **16,00000** |
| 5 | മറ്റു വാടകകൾ (ഹാൾ മുതലായവ) | **12,000** |
| 6 | കെട്ടിട വാടക | **19,60,000** |
| 7 | രജിസ്ട്രേഷൻ ചാർജ് | **500** |
| 8 | പിഴ | **5,00000** |
| 9 | ലൈസൻസ് ഫിസ് | **2,60,000** |
| 10 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫിസ് | **50,00000** |
| 11 | യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് | **10,000** |
| 12 | സ്ക്രാപ്പ് വിൽപന | **25,000** |
| 13 | പകർപ്പ് ഫീസ് | **20,000** |
| 14 | മറ്റ്ഫീസുകള് | **3,00000** |
| 15 | ഫോറം വില | **3,00000** |

| | | |
|---|---|---|
| 16 | വിവാഹ രജി. ഫീസ് | **1,50,000** |
| 17 | സർട്ടിഫിക്കേറ്റ് ഫീസ് | **20,000** |
| 18 | യൂസർ ചാർജ്ജ് | **5000** |
| 19 | മറ്റിനങ്ങൾ | **25,000** |
| | ആകെ | **1,06,87,500** |
| | **ഗ്രാന്റ് ഇൻ എയ്ഡും കോൺട്രിബ്യൂഷനും** | |
| 20 | തൊഴിലുറപ്പ് പദ്ധതി | **9,0000000** |
| 21 | വികസനഫണ്ട് ജനറൽ | **2,47,80,000** |
| 22 | വികസനഫണ്ട് എസ് സി പി | **15,65,000** |
| 23 | വികസനഫണ്ട് ടി എസ് പി | **0** |
| 24 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | **52,84,000** |
| 25 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | **35,23,000** |
| 26 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | **2,50,63,000** |
| 27 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | **61,28,000** |
| 28 | ജനറൽ പർപ്പസ് ഫണ്ട് | **1,52,19000** |
| 29 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | **20,00000** |
| 30 | ജില്ലാ പഞ്ചായത്ത് വിഹിതം | **25,00000** |
| 31 | മറ്റ് ഗ്രാൻഡുകള് ഫണ്ടുകൾ | **1,44,40,900** |
| 32 | ബെനിഫിഷറി കോണ്ട്രിബ്യൂഷൻ | **10,60,000** |
| 33 | വിവാഹ ധനസഹായം | **2,00000** |
| 34 | തൊഴിൽ രഹിത വേതനം | **0** |
| 35 | കർഷകതൊഴിലാളി പെൻഷൻ | **1,26,97,500** |
| 36 | വാർദ്ധക്യകാല പെൻഷൻ | **3,77,91,900** |
| 37 | ശാരീരികമാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | **62,40,000** |
| 38 | വിധവാ പെൻഷൻ | **1,79,90,400** |
| 39 | 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | **10,75,200** |
| 40 | ദുരിതാശ്വാസനിധി | **50,000** |
| 41 | ശുചിത്വമിഷൻ ഫണ്ട് | **15,00000** |
| 42 | കേരളോത്സവം | **50,000** |
| 43 | പോഷകാഹാരം കേന്ദ്രവിഹിതം | **10,00000** |

| | | |
|---|---|---|
| 44 | മറ്റ് ഫണ്ടുകൾ | 0 |
| | ആകെ | 31,70,21,900 |
| | ആകെ | **34,28,09,406** |
| | **ഋണശീർഷ കണക്കുകൾ** | |
| 45 | ജീവനക്കാരുടെ അഡ്വാൻസുകൾ | 3,00000 |
| 46 | നിരതദ്രവ്യം | 1,00000 |
| 47 | സെക്യൂരിറ്റി നിക്ഷേപം | 3,00000 |
| 48 | ലൈബ്രറി സെസ്സ് | 2,15,000 |
| 49 | ആദായ നികുതി | 1,00000 |
| 50 | ജി എസ് ടി | 3,50,000 |
| 51 | നിർമ്മാണതൊഴിലാളി ക്ഷേമനിധി ഫ് | 5,0000 |
| 52 | റീടെൻഷൻ തുക | 3,00000 |
| 53 | ശംബള റിക്കവറികൾ | 12,00000 |
| 54 | മുൻകൂറായി ലഭിച്ച നികതി നികുതിയേതര വരവുകൾ | 4,00000 |
| | ആകെ | 33,15,000 |
| **ആകെ വരവ്** | | **37,43,66,803** |

| | | |
|---|---|---|
| **കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത്** | | |
| **വാർഷിക ബഡ്ജറ്റ് 2025-2026** | | |
| **പ്രതീക്ഷിത ചെലവ്** | | |
| ക്രമനമ്പർ | ഇനം | തുക |
| | **അനിവാര്യ ചിലവുകള്** | |
| 1 | പ്രസിഡന്റ് മെമ്പർമാരുടെ ഓണറേറിയം | 35,00000 |
| 2 | പ്രസിഡന്റ് മെമ്പർമാരുടെ സിറ്റിംഗ് ഫീസ് | 4,00000 |
| 3 | പ്രസിഡന്റ് മെമ്പർമാരുടെ യാത്രാബത്ത | 2,00000 |
| 4 | ജീവനക്കാരുടെ ശബളം | 90,00000 |
| 5 | വേതനം | 20,00000 |
| 6 | ബോണസ്സ് | 60,000 |
| 7 | മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 3,75,000 |
| 8 | യാത്രാബത്ത | 3,50,000 |
| 9 | അവധി ശമ്പളം | 1,00000 |

| | | |
|---|---|---|
| 9 | മറ്റു അലവൻസുകൾ | **6,00000** |
| 10 | പെൻഷൻ കോൺട്രിബ്യൂഷൻ | **12,00000** |
| | **ആകെ** | **1,77,85000** |
| 11 | വാടക, കരം നികുതി | **50,000** |
| 12 | ഭൂ നികുതി | **40,000** |
| 13 | ഓഫീസ് ചെലവുകൾ | **10,00000** |
| 14 | പരസ്യപ്രചാരണം , ചെലവ് | **3,00000** |
| 15 | അച്ചടി, സ്റ്റേഷനറി | **5,00000** |
| 16 | ഇൻഷൂറൻസ്, രജിസ്ട്രേഷൻ | **50,000** |
| 17 | പ്രൊഫഷണൽ ചാർജ് | **60,000** |
| 18 | ലീഗൽ ചാർജ്ജ് | **1,00000** |
| 19 | മെമ്പർഷിപ്പ് , വരിസംഖ്യ മുതലായവ | **25,000** |
| 20 | അസാധാരണ ചെലവുകൾ | **2,50,000** |
| 21 | അനാഥ പ്രേതങ്ങളുടെ സംസ്കരണം | **25,000** |
| 22 | പെട്രോൾ, ഓയിൽ ലൂബ്രിക്കന്റ് മുതലായ ഇന്ധന ചെലവുകൾ | **5,00000** |
| 23 | വാഹനം റിപ്പയറിംഗ് ചെലവുകൾ | **2,00000** |
| 24 | വാഹന വാടക | **50000** |
| 25 | റിപ്പയർ & മെയിന്റനൻസ് - വൈദ്യുതി | **7,00000** |
| 26 | റിപ്പയർ & മെയിന്റനൻസ് - ഓഫീസ് ഉപകരണങ്ങൾ | **5,00000** |
| 27 | റിപ്പയർ & മെയിന്റനൻസ് - മറ്റുള്ളവ | **10,00000** |
| 28 | റിപ്പയർ & മെയിന്റനൻസ്-പൊതു കെട്ടിടങ്ങൾ | **5,00000** |
| 29 | റിപ്പയർ & മെയിന്റനൻസ് ജലസേചന പദ്ധതികൾ | **2,00000** |
| 30 | റിപ്പയർ & മെയിന്റനൻസ് മാലിന്യ നിർമ്മാർജ്ജനം | **10,00000** |
| 31 | ബാങ്ക് ചാർജ്ജ് | **1,0000** |
| 32 | ഓഫീസ്, തെരുവ് വിളക്ക് ,മറ്റ് ഓഫീസുകളുടെ കറന്റ്ചാർജ്ജ് | **10,00000** |
| 33 | വാർത്താവിനിമയ ചെലവുകൾ (ടെലഫോൺ) | **5,00000** |
| 34 | വെള്ളക്കരം ,ജലജീവൻ പദ്ധതി | **25,00000** |
| 35 | തെരഞ്ഞെടുപ്പ് | **20,00000** |
| 36 | വായനശാലകൾക്കുള്ള പത്രമാസികകൾ | **3,00000** |
| 37 | മറ്റ് നടത്തിപ്പ് ചിലവുകൾ | **5,00000** |

| | | |
|---|---|---|
| 38 | സ്റ്റോർസ് | **10,000** |
| 39 | മറ്റ് ഭരണ ചിലവുകൾ | **10,00000** |
| | ആകെഅനിവാര്യ ചിലവുകൾ | **2,77,55,000** |
| | **പദ്ധതി ചെലവുകൾ** | |
| | **ഉൽപാദന മേഖല** | |
| 39 | കൃഷി | **23,50,000** |
| 40 | മൃഗ സംരക്ഷണം | **9,00000** |
| 41 | ക്ഷീര മേഖല | **7,00000** |
| 42 | ചെറുകിട സംരംഭം | **6,80,000** |
| 43 | ജലസംരക്ഷണം | **30,00000** |
| 44 | വെള്ളപ്പൊക്ക നിവാരണം | **0** |
| | **സേവനമേഖല** | |
| 45 | ശിശു ക്ഷേമം | **30,00000** |
| 46 | വനിതാ ക്ഷേമം | **5,00000** |
| 47 | വിദ്യാഭ്യാസം | **33,75,000** |
| 48 | ആരോഗ്യം | **45,00000** |
| 49 | കുടിവെള്ളം | **21,74,000** |
| 50 | ശുചിത്വം | **25,00000** |
| 51 | ദാരിദ്ര ലഘൂകരണം,പാർപ്പിടം | **2,03,00000** |
| 52 | സാമൂഹ്യ ക്ഷേമം | **10,00000** |
| 53 | കല സംസ്കാരം, യുവജനക്ഷേമം | **35,00000** |
| 54 | വൃദ്ധക്ഷേമം | **15,00000** |
| 55 | അഗതി ക്ഷേമം | **5,00000** |
| 56 | ശാരീരികമാനസീക വെല്ലുവിളിനേരിടുന്നവർക്കുള്ള പരിപാടികൾ | **15,00000** |
| 57 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചിലവ് | **7,00000** |
| 58 | ഐ കെ എം പണം നൽകൽ | **1,00000** |
| 59 | പദ്ധതി രൂപീകരണം മോണിറ്ററിംഗ് | **4,00000** |
| 60 | ഗ്രാമവെളിച്ചം | **10,00000** |
| 61 | പൊതു ഇടങ്ങളിൽ സിസിടിവി | **2,50,000** |
| 62 | അസി.എഞ്ചിനീയർക്ക് വാഹനം വാടക | **6,50,000** |
| 63 | തെരുവ് വിളക്ക് പരിപാലനം | **6,50,000** |

| | | |
|---|---|---|
| 64 | സദ്ഭരണം | 25,00000 |
| **പശ്ചാത്തലമേഖല** | | |
| 65 | റോഡുകൾ, കെട്ടിടങ്ങൾ | 9,46,24,000 |
| 66 | കെട്ടിടങ്ങൾ | 0 |
| 67 | തെരുവു വിളക്ക് | 25,00000 |
| | **പട്ടികജാതിവികസനം** | 30,00000 |
| | **സാമൂഹ്യസുരക്ഷിതത്വം(പെൻഷൻ,ദാരിദ്ര്യലഘൂകരണം)** | |
| 68 | വിവാഹ ധനസഹായം | 2,00000 |
| 69 | തൊഴിൽ രഹിത വേതനം | 0 |
| 70 | കർഷകതൊഴിലാളി പെൻഷൻ | 1,26,97,500 |
| 71 | വാർദ്ധക്യകാല പെൻഷൻ | 3,77,91,900 |
| 72 | ശാരീരികമാനസീക വെല്ലുവിളിനേരിടുന്നവർക്കുള്ള പെൻഷൻ | 62,40,000 |
| 73 | വിധവാ പെൻഷൻ | 1,79,90,400 |
| 74 | 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 10,75,200 |
| 75 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 9,0000000 |
| | | **35,70,03000** |
| | **ഉണശീർഷ കണക്കുകൾ** | |
| 76 | ജീവനക്കാരുടെ അഡ്വാൻസുകൾ | 3,00000 |
| 77 | നിരതദ്രവ്യം | 1,00000 |
| 78 | സെക്യൂരിറ്റി നിക്ഷേപം | 3,00000 |
| 79 | ലൈബ്രറി സെസ്സ് | 2,15,000 |
| 80 | ആദായ നികുതി | 1,00000 |
| 81 | ജി എസ് ടി | 3,50,000 |
| 82 | നിർമ്മാണതൊഴിലാളി ക്ഷേമനിധി ഫണ്ട് | 5,0000 |
| 83 | റീടെൻഷൻ തുക | 3,00000 |
| 84 | ശമ്പള റിക്കവറികൾ | 12,00000 |
| 85 | മുൻകൂറായി ലഭിച്ച നികതി നികുതിയേതര വരവുകൾ | 4,00000 |
| | **ആകെ** | **33,15,000** |
| | **ആകെ ചെലവുകൾ** | **36,03,18000** |

| | |
|---|---|
| കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത് | |
| വാർഷിക ബഡ്ജറ്റ് 202526 സംഗ്രഹം | |
| പ്രാരംഭബാക്കി | 2,81,23397 |
| ആകെ  വരവ് | 34,62,43,406 |
| ഒട്ടാകെ | 37,43,66,803 |
| ആകെ ചെലവ് | 36,03,18,000 |
| നീക്കിയിരിപ്പ് | 1,40,48,803 |

********************